പഞ്ചായത്തിൽ 115.24 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയും തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി പഞ്ചായത്തിൽ 395 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയും. ഈ പദ്ധതികളുടെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്.

ചീക്കോട് ജലവിതരണ പദ്ധതി

81 [268] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഫറോക്ക്, കരുവാൻതിരുത്തി വില്ലേജുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ചീക്കോട് ജലവിതരണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്കായി എൽ.ഐ.സി.-യും സർക്കാരും എത്ര തുക വീതമാണ് ചെലവഴിക്കാൻ നിശ്ചയിച്ചത്; എസ്റ്റിമേറ്റ് തുകയും ഇതേവരെ ചെലവഴിച്ച തുകയും അനുവദിച്ച തുകയും വ്യക്തമാക്കാമോ;

(സി) ചീക്കോട് പദ്ധതിയുടെ എന്തെല്ലാം പ്രവർത്തികളാണ് ഇതേവരെ പൂർത്തിയാക്കിയത്;

(ഡി) 2007-ൽ കമ്മീഷൻ ചെയ്യുമെന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ഇ) ചീക്കോട് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നേരിടുന്ന പ്രതിബന്ധങ്ങളും കാലതാമസവും എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ചീക്കോട് പദ്ധതിക്കാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചീക്കോട് പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, 23 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ചുള്ളിക്കോട് ഭൂതലസംഭരണി എന്നിവ പൂർത്തിയായിട്ടുണ്ട്. 900 എം. എം. വ്യാസമുള്ള റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പണി പുരോഗമിച്ചു വരികയാണ്. ഈ പദ്ധതിയുടെ ശുദ്ധീകരണ ശാലയുടെ ശേഷി 53 എം. എൽ. ഡി. ആയിരുന്നു വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ചില പഞ്ചായത്തുകൾ മറ്റു ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കാൻ തീരുമാനിച്ചതുകൊണ്ട് ശുദ്ധീകരണശാലയുടെ ശേഷി 40 എം.എൽ.ഡി. ആയി കുറഞ്ഞിട്ടുണ്ട്. പുതിയ എൻ.ഐ.റ്റി. തയ്യാറാക്കി ടെൻഡർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചീക്കോട് ശുദ്ധജല പദ്ധതിയുടെ ഭാഗമായ 7 പദ്ധതികൾക്കായി എൽ.ഐ.സി. 2335.57 ലക്ഷം രൂപയും സർക്കാർ 2615.43 ലക്ഷം രൂപയും ചെലവഴിക്കുവാൻ നിശ്ചയിച്ചിരുന്നു. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തുക 4951.00 ലക്ഷം രൂപയും ഇതേവരെ ചെലവഴിച്ച തുക 1154.60 ലക്ഷം രൂപയും (22 ശത മാനം എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് ഉൾപ്പെടെ) എൽ.ഐ.സി.യിൽ നിന്നും ലഭിച്ച തുക 1100.94 ലക്ഷം രൂപയുമാണ്.

(സി) ചീക്കോട് പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, 23 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ചുള്ളിക്കോട് ഭൂതലസംഭരണി എന്നീ ഘടകങ്ങൾ പൂർത്തിയായിട്ടുണ്ട്.

(ഡി) പദ്ധതിയുടെ പൂർത്തീകരണം വൈകാൻ സാദ്ധ്യതയുണ്ട്.

(ഇ) പരിശോധിച്ചിട്ടുണ്ട്. ചീക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകിയതിനുള്ള കാരണങ്ങൾ താഴെ പറയുന്നു.

പദ്ധതിക്ക് 03/96-ൽ ഭരണാനുമതി ലഭിച്ചു. ഭരണാനുമതിയുടെ ഓർഡറിൽത്തന്നെ സ്രോതസ്സിന്റെ പണികഴിഞ്ഞ് ജലലഭ്യത ഉറപ്പുവരുത്തിയ തിനുശേഷമേ ബാക്കി ഘടകങ്ങളുടെ പണി ആരംഭിക്കാവൂ എന്നും ആവശ്യമായ പൈപ്പുകളുടെ ലഭ്യത ഉറപ്പു വരുത്തിയതിനു ശേഷമേ അവയുടെ പണി തുടങ്ങാൻ പാടുള്ളൂ എന്നും നിർദ്ദേശമുണ്ടായിരുന്നു. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി 09/98-ലാണ് പൂർത്തിയായത്. കിണറിന്റെയും പമ്പ് ഹൗസിന്റെയും പ്രവർത്തിക്കാവശ്യമായ ടെൻഡർ 08/98-ൽ ക്ഷണിച്ചുവെങ്കിലും കോൺട്രാക്ടർമാരുടെ മതിയായ പ്രാതിനിധ്യം ഇല്ലാത്തതിനാൽ ടെൻഡർ മടക്കി. 8/2002-ൽ വീണ്ടും ടെണ്ടർ ക്ഷണിക്കുകയുണ്ടായി. കിണറിന്റെ പണി 2002 നവമ്പറിൽ ആരംഭിക്കുകയും ഇപ്പോൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കിണറിന്റെ പണി തുടങ്ങുവാൻ താമസിച്ചതിനാൽ മറ്റ് ഘടകങ്ങളുടെ പണി ആരംഭിക്കുവാൻ താമസമുണ്ടായി. ഫണ്ടിന്റെ ലഭ്യതക്കുറവും പദ്ധതിയുടെ പുരോഗതിയെ കാര്യമായി ബാധിച്ചിട്ടുണ്ട്.

(എഫ്) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

കൊയിലേരി കുടൽക്കടവ് ജലസേചന പദ്ധതികൾ

82 [269] ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലേരി കുടൽക്കടവ് ജലസേചന പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്ന് വെളിപ്പെടുത്താമോ;

(ബി) പുഞ്ചകൃഷിക്ക് കർഷകർക്ക് ഗുണപ്രദമായ രീതിയിൽ പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly